REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 05-05-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **2036 ലെ ഒളിമ്പിക്സിന് മുമ്പ് ഇന്ത്യയെ കായിക രംഗത്തെ വൻ ശക്തിയാക്കി മാറ്റുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ന്യൂഡൽഹിയിൽ ജാപ്പനീസ് രാജ്യരക്ഷാമന്ത്രി ജനറൽ നകതാനിയുമായി കൂടിക്കാഴ്ച നടത്തും.**
- **ലോകത്തെ ഏറ്റവും വലിയ ദൃശ്യ-ശ്രാവ്യ-വിനോദ ഉച്ചകോടിയായ 'വേവ്സ് 2025' മുംബൈയിൽ സമാപിച്ചു.**
- **കാത്തിരിപ്പുകൾക്ക് വിരാമമിട്ട് തൃശിവപേരൂരിൽ ഇന്ന് പൂര വിളംബരം. നാളെയാണ് തൃശൂർ പൂരം.**
- **IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സിനും, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനും ജയം.**

## വാർത്തകൾ വിശദമായി

2036 ലെ ഒളിമ്പിക്സിന് മുമ്പ് ഇന്ത്യയെ കായിക രംഗത്തെ വൻ ശക്തിയാക്കി മാറ്റാൻ കേന്ദ്രഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ബിഹാറിലെ അഞ്ച് ജില്ലകളിൽ നടക്കുന്ന 'ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2025' വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ......

.......വോയ്സ്........

കഴിഞ്ഞ ദശകത്തിൽ കായിക ബജറ്റ് മൂന്ന് മടങ്ങ് വർദ്ധിപ്പിക്കുകയും, ഈ വർഷം 4,000 കോടി രൂപ അനുവദിച്ചതായും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

കായിക മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പ്രോത്സാഹനത്തിനും വർഷം മുഴുവൻ കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ടെന്നും നരേന്ദ്രമോദി അറിയിച്ചു. ദേശീയ വിദ്യാഭ്യാസ നയം പോലും കായിക വിനോദങ്ങളെ മുഖ്യധാരാ പഠനങ്ങളുടെ ഭാഗമാക്കി അംഗീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കായിക സമ്പദ്‌വ്യവസ്ഥ, സ്റ്റേഡിയത്തിൽ മാത്രം ഒതുങ്ങുന്നതല്ല. നൂറുകണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും തൊഴിലവസരങ്ങൾക്ക് പുതിയ വഴികൾ തുറക്കാനും അതിന് കഴിയുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. കായിക സംരംഭകത്വം, ഫിസിയോതെറാപ്പി, ഡാറ്റ അനലിറ്റിക്സ്, കായിക സാങ്കേതികവിദ്യ, ഇ-സ്പോർട്സ്, കായിക മാധ്യമങ്ങൾ, ഇവന്റ് മാനേജ്മെന്റ് തുടങ്ങിയ മേഖലകളിലും കായികരംഗം വഴിതുറക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളിൽ വർദ്ധിച്ചു വരുന്ന കായിക സൗകര്യങ്ങൾ NDA യുടെ ഇരട്ട എഞ്ചിൻ ഗവൺമെന്റിന്റെ നേട്ടങ്ങളുടെ ഉദാഹരണമാണെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് കർണാടകയിൽ പര്യടനം നടത്തും. ഉത്തര കന്നഡ ജില്ലയിലെ സിർസി കോളേജ് ഓഫ് ഫോറസ്ട്രി, ഉപരാഷ്ട്രപതി സന്ദർശിക്കും.

✪✪✪

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ന്യൂഡൽഹിയിൽ ജാപ്പനീസ് രാജ്യരക്ഷാമന്ത്രി ജനറൽ നകതാനിയുമായി കൂടിക്കാഴ്ച നടത്തും. പ്രാദേശിക, അന്തർദേശീയ സുരക്ഷാ സാഹചര്യങ്ങളെക്കുറിച്ച് കാഴ്ചപ്പാടുകളും ആശയങ്ങളും ഇരുവരും കൈമാറും.

കഴിഞ്ഞ വർഷം നവംബറിൽ ആസിയാൻ രാജ്യരക്ഷാമന്ത്രിമാരുടെ മീറ്റിംഗ്-പ്ലസിനൊപ്പം നടന്ന കൂടിക്കാഴ്ചയ്ക്ക് ശേഷം, ആറ് മാസത്തിനുള്ളിൽ രണ്ട് മന്ത്രിമാരും തമ്മിൽ നടത്തുന്ന രണ്ടാമത്തെ കൂടിക്കാഴ്ചയാണിത്.

✪✪✪

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് ബോർഡ് ഓഫ് ഗവർണർമാരുടെ 58-ാമത് വാർഷിക യോഗം ഇറ്റലിയിലെ മിലാനിൽ ആരംഭിച്ചു. നാല് ദിവസത്തെ പരിപാടിയിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ ധനമന്ത്രി നിർമ്മല സീതാരാമനാണ് നയിക്കുന്നത്.

ബോർഡിന്റെ ഔദ്യോഗിക പ്രതിനിധികളും, ADB അംഗങ്ങളും അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കുമെന്ന് ധനകാര്യ മന്ത്രാലയം അറിയിച്ചു. ഇറ്റലി, ജപ്പാൻ, ഭൂട്ടാൻ എന്നിവിടങ്ങളിലെ ധനമന്ത്രിമാരുമായി നിർമല സീതാരാമൻ ഉഭയകക്ഷി ചർച്ചകൾ നടത്തും. കൂടാതെ മിലാനിലെ ഇന്ത്യൻ സമൂഹവുമായും ധനമന്ത്രി സംവദിക്കും.

✪✪✪

ഈ വർഷത്തെ ഹജ്ജ് ക്യാമ്പുകളുടെ സംസ്ഥാനതല ഉദ്ഘാടനം, കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ ഈ മാസം ഒൻപതിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കണ്ണൂരിൽ നിർമ്മിക്കുന്ന ഹജ്ജ് ഹൗസിനും മുഖ്യമന്ത്രി തറക്കല്ലിടും. മന്ത്രി V അബ്ദുറഹ്മാൻ അധ്യക്ഷനാവും. വിമാനത്താവള പദ്ധതി പ്രദേശത്ത് കിൻഫ്ര ഏറ്റെടുത്ത ഒരു ഏക്കർ സ്ഥലമാണ് വിമാനത്താവള അതോറിറ്റി ഹജ്ജ് ഹൗസ് നിർമ്മാണത്തിന് കൈമാറുന്നത്.

✪✪✪

ലോകത്തെ ഏറ്റവും വലിയ ദൃശ്യ-ശ്രാവ്യ-വിനോദ ഉച്ചകോടിയായ 'വേവ്സ് 2025' മുംബൈയിൽ സമാപിച്ചു. മെയ് ഒന്നിനാണ് ഉച്ചകോടി ആരംഭിച്ചത്. ഇന്നലെ എട്ടാമത് ദേശീയ കമ്മ്യൂണിറ്റി റേഡിയോ സമ്മേളനത്തിനാണ് വേവ്സ് ഉച്ചകോടി സാക്ഷ്യം വഹിച്ചത്.

കോഴിക്കോട് ആകാശവാണിയിൽ നിന്ന് വേവ്സ് ഉച്ചകോടിയിൽ പങ്കെടുത്ത ഫഹദ് റാസയുടെ റിപ്പോർട്ട്.

....(വോയ്സ്)..........

✪✪✪

കൊട്ടാരക്കര മഹാഗണപതി ക്ഷേത്ര വികസനത്തിന് വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശം നൽകിയതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. ദീർഘകാല അടിസ്ഥാന ആവശ്യങ്ങൾ മുൻകൂട്ടി കണ്ടാണ് പദ്ധതി നടപ്പാക്കുക. ക്ഷേത്രത്തിലെത്തുന്നവർക്ക് പിൽഗ്രിം ഹൗസും, അമിനിറ്റി സെന്ററും നിർമ്മിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ബജറ്റിൽ അഞ്ചു കോടി വകയിരുത്തിയതായും മന്ത്രി പറഞ്ഞു. ഇതിനുപുറമേ ദേവസ്വം ബോർഡിന്റെ

25 കോടി രൂപയുടെ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിയാകും പദ്ധതി തയ്യാറാക്കുക.

✪✪✪

സംസ്ഥാന കായിക വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ സന്ദേശ പ്രചാരണ ക്യാമ്പെയിൻ 'കിക്ക് ഡ്രഗ്സ് 'ന്റെ സംസ്ഥാനതല ഉദ്ഘാടനം, രാവിലെ മന്ത്രി V. അബ്ദു റഹ്മാൻ കാസർകോട്ട് നിർവഹിക്കും.

കളിക്കളങ്ങളെ സജീവമാക്കി ലഹരിയെ പ്രതിരോധിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് 'കിക്ക് ഡ്രഗ്സ്' 14 ജില്ലകളിലൂടെയും സഞ്ചരിക്കുന്നത്.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളജ് അത്യാഹിത വിഭാഗത്തിൽ പുകയുയർന്ന സംഭവത്തിൽ, തകരാറുകൾ ഉടൻ പരിഹരിക്കുമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ കോഴിക്കോട്ട് പറഞ്ഞു. സംഭവത്തെ കുറിച്ച് അന്വേഷിക്കാൻ വകുപ്പ് മന്ത്രി ഉത്തരവിട്ടിരുന്നു. റിപ്പോർട്ട് ഉടൻ കൈമാറും. പുതിയ ബ്ലോക്കിലെ  അത്യാഹിത വിഭാഗവും MRI സ്കാനിംഗ് വിഭാഗവും തൽക്കാലം പ്രവർത്തിപ്പിക്കില്ലെന്നും ജോയിന്റ് ഡയറക്ടർ അറിയിച്ചു. അത്യാഹിതവിഭാഗത്തിൽ സംഭവ സമയത്ത് രോഗികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് കോട്ടയം മെഡിക്കൽ കോളേജ് സൂപ്രണ്ട് നേതൃത്വം നൽകുന്ന അഞ്ചംഗ സംഘം പരിശോധിക്കും.

✪✪✪

MP ഫണ്ടിൽ നിന്ന് പതിനഞ്ച് ലക്ഷം രൂപ ചിലവിൽ ലഭ്യമാക്കിയ ആംബുലൻസിന്റെ താക്കോൽ, പ്രിയങ്ക ഗാന്ധി MP  വൈൽഡ് ലൈഫ് വാർഡൻ വരുൺ ഡാലിയ IFSന് കൈമാറി. സുൽത്താൻ ബത്തേരി ഫോറസ്റ്റ് ഡിവിഷൻ ഓഫീസിൽ സംഘടിപ്പിച്ച ചടങ്ങിലാണ് താക്കോൽ കൈമാറി ആംബുലൻസ് ഫ്ലാഗ് ഓഫ് ചെയ്തത്.

വനം വകുപ്പ് പിടികൂടിയ അക്രമകാരികളായ കടുവകളെ പാർപ്പിച്ചിരിക്കുന്ന സുൽത്താൻ ബത്തേരിയിലെ ആനിമൽ ഹോസ്പൈസ് സെന്റർ, പ്രിയങ്ക ഗാന്ധി സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. പാർപ്പിക്കാൻ കഴിയാവുന്നതിനെക്കാൾ കൂടുതൽ കടുവകൾ നിലവിൽ സെന്ററിൽ ഉണ്ടെന്ന് വൈൽഡ് ലൈഫ് വാർഡൻ, പ്രിയങ്ക ഗാന്ധിയെ അറിയിച്ചു.

✪✪✪

കാത്തിരിപ്പുകൾക്ക് വിരാമമിട്ട് തൃശിവപേരൂരിൽ ഇന്ന് പൂര വിളംബരം. നെയ്തലക്കാവ് ഭഗവതിയുടെ തിടമ്പേറ്റി കൊമ്പൻ, എറണാകുളം ശിവകുമാർ തെക്കേ ഗോപുരനട തുറന്നാണ് പൂര വിളംബരം നടത്തുക. നാളെയാണ് പ്രസിദ്ധമായ തൃശൂർ പൂരം.

വിശദാംശങ്ങളുമായി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.

........വോയ്സ്........

മേളമൊഴിയാത്ത പൂരരാവുകൾക്കായി വടക്കുന്നാഥന്റെ തെക്കേ ഗോപുരനട തുറക്കാനുള്ള നിയോഗം നെയ്തലക്കാവിലമ്മയ്ക്കാണ്. വടക്കുംനാഥ സന്നിധിയിലെത്തിയാണ് ദേശ പൂരങ്ങൾക്കായി തെക്കേ ഗോപുര നട തുറക്കുക. ഇത്തവണയും എറണാകുളം ശിവകുമാറാണ് നെയ്തലക്കാവ് ഭഗവതിയുടെ തിടമ്പുമേന്തി പൂര വിളംബരം ചെയ്യുക. ഇതോടെ പൂരചടങ്ങുകൾക്ക് തുടക്കമാകും.

നാളെ രാവിലെ ഏഴിന് കണിമംഗലം ശാസ്താവ് എഴുന്നള്ളിയെത്തുന്നതോടെ തൃശൂർ രിൽ പൂരം പൂത്തുലയും.  പൂരത്തിന് ആവേശം ജനിപ്പിച്ച് തൃശൂരിന്റെ മാനത്ത് 'ഇന്നലെ സാമ്പിൾ'നിറങ്ങൾ പെയ്തിറങ്ങി.  തിരുവമ്പാടി വിഭാഗമാണ് ആദ്യം തിരികൊളുത്തിയത്. പിന്നാലെ പാറമേക്കാവും

പൂരപ്രേമികളെ ആവേശത്തിലാഴ്ത്തിയ കൂട്ട പൊരിചിലിനാണ് വടക്കുന്നാഥ ക്ഷേത്ര മൈതാനം സാക്ഷിയായത്.

തൃശൂർ പൂരത്തിന്റെ ഒരുക്കങ്ങൾ അവസാനഘട്ടത്തിലാണ്. പഴുതടച്ച സുരക്ഷാക്രമീകരണങ്ങളാണ് പൊലീസ് ഒരുക്കിയിരിക്കുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ് വിജയിച്ചു. ഹിമാചൽ പ്രദേശിലെ ധരംശാല ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ലഖ്നൗ സൂപ്പർ ജയന്റ്സിനെ 37 റൺസിനാണ് പഞ്ചാബ് പരാജയപ്പെടുത്തിയത്. മറ്റൊരു മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, രാജസ്ഥാൻ റോയൽസിനെ ഒരു റണ്ണിന് തോൽപ്പിച്ചു.

ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ഹൈദരാബാദിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

കോഴിക്കോട് ബീച്ചിൽ 'എന്റെ കേരളം' പ്രദർശന-വിപണന മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്ന സെമിനാറുകൾക്ക് തുടക്കമായി. 'പശ്ചാത്തല വികസനവും ടൂറിസം വളർച്ചയും' എന്ന വിഷയത്തിലായിരുന്നു ആദ്യ ദിവസത്തെ സെമിനാർ.

'മാനസികാരോഗ്യവും പുതുതലമുറയും' എന്നതാണ് ഇന്നത്തെ സെമിനാറിന്റെ വിഷയം. ഇന്ന് മുതൽ ഒമ്പത് വരെ കെ ഡാറ്റ് അഭിരുചി പരീക്ഷയും കരിയർ കൗൺസിലിങ്ങും ഉണ്ടാകും. രാവിലെ 9.30 മുതൽ ഉച്ചക്ക് രണ്ട് വരെ സെമിനാർ ഹാളിലാണ് അഭിരുചി പരീക്ഷ.

✪✪✪

പേവിഷ ബാധയേറ്റ് തിരുവനന്തപുരം SAT ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഏഴ് വയസ്സുകാരി മരിച്ചു. കുട്ടി വെന്റിലേറ്റർ സഹായത്തിലായിരുന്നു. കൊല്ലം വിളക്കോടി കുന്നിക്കോട് സ്വദേശിയായ കുട്ടിയാണ് മരിച്ചത്. കഴിഞ്ഞ മാസം എട്ടിന് ഉച്ചയോടെ വീട്ടുമുറ്റത്തിരിക്കുമ്പോഴാണ് കുട്ടിയെ നായ കടിച്ചത്.

✪✪✪

തൊടുപുഴയിൽ സ്വകാര്യ ബസും ബൈക്കും കൂട്ടിയിടിച്ച് യുവാവ് മരിച്ചു. തൊടുപുഴ മുതലക്കോടം കൊതകുത്തി ആദിത്യൻ ദാസ് ആണ് മരിച്ചത്. 22 വയസ്സായിരുന്നു. ഇന്നലെ വൈകിട്ടായിരുന്നു സംഭവം.

✪✪✪

കോഴിക്കോട്ട് താമരശ്ശേരിയിൽ ആറ് ദിവസമായി കാണാതായ ആളെ മരിച്ച നിലയിൽ കണ്ടെത്തി. വൃന്ദാവൻ എസ്റ്റേറ്റിൽ താമസിച്ചിരുന്ന സന്ദീപിനെയാണ് കിണറ്റിൽ കണ്ടെത്തിയത്. അഗ്നി രക്ഷാസേന പുറത്തെടുത്ത മൃതദേഹം പൊലീസ് ഇൻക്വസ്റ്റിന് ശേഷം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

✪✪✪

പഹൽഗാം വിഷയത്തിൽ വൈകാരികമായല്ല, വിവേകത്തോടെ മാത്രമെ തിരിച്ചടി നൽകാനാവൂവെന്ന് BJP ദേശീയ സമിതി അംഗം, C.K പത്മനാഭൻ പറഞ്ഞു. BJP കോഴിക്കോട് സിറ്റി ജില്ലാകമ്മറ്റി സംഘടിപ്പിച്ച വഖഫ് ഭേദഗതി നിയമ ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

കേരളത്തിൽ താമസിക്കുന്ന അനധികൃത പാക്കിസ്ഥാൻ പൗരന്മാരെ സംസ്ഥാന ഗവൺമെന്റ് സംരക്ഷിക്കുകയാണെന്ന് BJP ആരോപിച്ചു. ഇവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ കലക്ടറേറ്റിന് മുന്നിൽ ഇന്ന് ധർണ്ണ സമരം നടത്തുമെന്ന് BJP കണ്ണൂർ നോർത്ത് ജില്ലാ പ്രസിഡണ്ട് KK വിനോദ് കുമാർ അറിയിച്ചു. പാർട്ടി ദേശീയ ഉപാധ്യക്ഷൻ AP അബ്ദുള്ളക്കുട്ടി ധർണ്ണ ഉദ്ഘാടനം ചെയ്യും.

✪✪✪

ആലപ്പുഴ കടപ്പുറം വനിത-ശിശു ആശുപത്രിക്ക് സമീപത്തെ അമ്മത്തൊട്ടിലിൽ ലഭിച്ച പെൺകുഞ്ഞിന് 'കാശ്മീര' എന്ന് പേരിട്ടു.

കശ്മീരിലെ പഹൽഗാമിൽ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവരെ സ്മരിച്ചും, ഇന്ത്യയുടെ മാനവിക ഐക്യത്തെ ഊട്ടി ഉറപ്പിച്ചുമാണ് ഒരാഴ്ച പ്രായമായ പെൺകുഞ്ഞിന് 'കാശ്മീര' എന്ന് പേരിട്ടതെന്ന് സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി GL അരുൺഗോപി പറഞ്ഞു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സബിത ആനന്ദ്*
*News Team: ശരണ്യ രാജൻ*
*DEO: സി കെ സുബോധ്*